2024
MARCH
16
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## മാലദ്വീപിലെ ആദ്യ ഇന്ത്യൻ സൈനിക സംഘത്തെ പിൻവലിച്ചു; പകരം സാങ്കേതിക വിദഗ്ധർ


മുഹമ്മദ് മുയിസു

**മാലെ:** മാലദ്വീപിലെ ആദ്യ ഇന്ത്യൻ സൈനിക ഉദ്യോഗസ്ഥരുടെ സംഘത്തിന് പകരം സാങ്കേതിക ജീവനക്കാരെ നിയമിച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. മാലദ്വീപ് പ്രസിഡന്റ് മുഹമ്മദ് മുയ്സു ഇന്ത്യൻ സൈനികരെ മാലെയിൽ നിന്ന് പിൻവലിക്കണമെന്ന് ഔദ്യോഗികമായി ആവശ്യപ്പെട്ടതിനെ തുടർന്നാണ് നടപടി. എഎൽഎച്ച് ഹെലികോപ്റ്ററുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന ഇന്ത്യൻ സംഘത്തെയാണ് മാറ്റിയത്.

മാലദ്വീപിലെ ഇന്ത്യൻ സൈനികരെ പിൻവലിച്ച് പകരം സാങ്കേതിക വിദഗ്ധരെ നിയോഗിക്കുമെന്ന് അടുത്തിടെ ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കിയിരുന്നു. ഇന്ത്യയും മാലദ്വീപും തമ്മിൽ മൂന്ന് ഉന്നതതല യോഗങ്ങളാണ് ഇതുവരെ നടന്നത്. വ്യോമസേനയുടെ അടിയന്തര സഹായങ്ങൾ മാലദ്വീപിന് ഉറപ്പുവരുത്തിക്കൊണ്ടുള്ള പ്രായോഗിക പരിഹാരങ്ങൾ ഇരുകൂട്ടരും ചർച്ച ചെയ്യുകയും ധാരണയിലെത്തുകയും ചെയ്തു.

മാലദ്വീപിന്റെ സമുദ്രാതിർത്തി കാക്കുന്ന ഇന്ത്യൻ സൈനികരെ മാലിദ്വീപിൽ നിന്ന് ഒഴിവാക്കുമെന്നായിരുന്നു തിരഞ്ഞെടുപ്പു സമയത്തെ ഇയാളുടെ വാഗ്ദാനം. അധികാരത്തിലേറി രണ്ടാമത്തെ ദിവസം തന്നെ ഇന്ത്യൻ സൈനികർ രാജ്യം വിടണമെന്ന് മുയ്സു ആവശ്യപ്പെട്ടു. ചൈനയുമായുള്ള ബന്ധം ദൃഢമാക്കുന്നതിന്റെ ഭാഗമായാണ് ഇയാളുടെ ഇന്ത്യക്കെതിരായ നീക്കം. കഴിഞ്ഞ ആഴ്ച ചൈനയുമായി മാലദ്വീപ് സൈനിക സഹായ കരാറിൽ ഏർപ്പെട്ടിരുന്നു. ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്തുകയാണ് കരാറിന്റെ ലക്ഷ്യമെന്നും ചൈന സൈനിക പരിശീലനം നൽകുമെന്നും മാലദ്വീപ് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

## ഇന്ത്യയുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടരുത്: യുഎസിനോട് കടുത്ത അതൃപ്തി അറിയിച്ച് ഇന്ത്യ

**ന്യൂഡൽഹി:** പൗരത്വ നിയമ ഭേദഗതി (സിഎഎ)ക്കെതിരേ യുഎസ് ഉൾപ്പെടെ രാജ്യങ്ങളിൽ നിന്നുള്ള വിമർശനങ്ങൾ തള്ളി ഇന്ത്യ. നിയമം നിർമിക്കുന്നത് ഇന്ത്യയുടെ ആഭ്യന്തര കാര്യമാണെന്നു വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. ദുരിതത്തിൽ കഴിയുന്നവരെ സഹായിക്കാൻ സ്വീകരിച്ച പ്രശംസനീയമായ നടപടിയെ വോട്ട് ബാങ്കിൻറെ പേരിൽ നിർണയിക്കരുതെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ. ഇന്ത്യയുടെ ബഹുസ്വര



പൈതൃകത്തെയും വിഭജനാനന്തര ചരിത്രത്തെയും കുറിച്ച് ശരിയായ ബോധ്യമില്ലാത്തവർ ഇത്തരംകാര്യങ്ങളിൽ ഇടപെടരുത്. സിഎഎ പൗരത്വം നൽകാനുള്ളതാണ്. ആരുടെയും പൗരത്വം റദ്ദാക്കാനുള്ളതല്ല. സ്വന്തം നാടില്ലാത്ത കുറേ ആളുകളുടെ അന്തസും മനുഷ്യാവകാശവും സംരക്ഷിക്കാനാണ് ഈ നിയമമെന്നും യുഎസിൻറെ പ്രതികരണം അനാവശ്യവും തെറ്റിദ്ധാരണാജനകവുമാണെന്നും ജയ്സ്വാൾ പറഞ്ഞു. നിങ്ങൾ സ്വന്തം കാര്യം നോക്കൂ. ഇന്ത്യയുടെ കാര്യങ്ങള നോക്കാൻ ഇവിടെ ആളുകളുണ്ട്. അദ്ദേഹം പറഞ്ഞു.നേരത്തേ, യുഎന്നിൻറെ വിമർശനവും ഇന്ത്യ തള്ളിയിരുന്നു.

## സിഎഎ മൊബൈൽ ആപ്പ് അവതരിപ്പിച്ച് ആഭ്യന്തര മന്ത്രാലയം

**ന്യൂഡൽഹി:** പൗരത്വ നിയമ ഭേദഗതി പ്രകാരം ഇന്ത്യൻ പൗരത്വത്തിന് അപേക്ഷിക്കുന്നവർക്കായി മൊബൈൽ ആപ്പ് അവതരിപ്പിച്ച് ആഭ്യന്തരമന്ത്രാലയം. വെള്ളിയാഴ്ചയാണ് സിഎഎ മൊബൈൽ ആപ്പ് ആഭ്യന്തരമന്ത്രാലയം അവതരിപ്പിച്ചത്.

അപേക്ഷകർക്ക് ഗൂഗിൾ പ്ലേയിൽ നിന്ന് ആപ്പ് ഡൗൺലോഡ് ചെയ്യാൻ സാധിക്കും. അല്ലെങ്കിൽ ഔദ്യോഗിക വെബ്സൈറ്റിലൂടെ (ശിറശമിരശശേലിവെശു്ീഹശില.ിശര.ശി) പൗരത്വത്തിനായി അപേക്ഷിക്കാം. നേരത്തേ, ആഭ്യന്ത്രമന്ത്രാലയം അപേക്ഷകർക്ക് വേണ്ടി ഒരു പോർട്ടൽ അവതരിപ്പിച്ചിരുന്നു.

1955ലെ പൗരത്വനിയമത്തിൽ ഭേദഗതി വരുത്തുന്നതാണ് പുതിയ നിയമം. പാക്കിസ്ഥാൻ, ബംഗ്ലദേശ്, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽനിന്ന് 2014 ഡിസംബർ 31നു മുൻപ് ഇന്ത്യയിലെത്തിയ ഹിന്ദു, സിഖ്, പാഴ്സി, ജൈന, ബുദ്ധ, ക്രൈസ്തവ മതവിഭാഗങ്ങളിൽപെട്ടവർക്കു പൗരത്വാവകാശം നൽകുന്നതാണ് നിർദിഷ്ട നിയമം.

2014ൽ ബിജെപിയുടെ തിരഞ്ഞെടുപ്പ് പ്രകടന പത്രികയിലെ പ്രധാന വാഗ്ദാനമായിരുന്നു പൗരത്വ ഭേദഗതി ബിൽ. 2016 ജൂലൈ 19നാണ് ആദ്യമായി ബിൽ ലോക്സഭയിൽ അവതരിപ്പിച്ചത്. ഓഗസ്റ്റ് 12ന് ബിൽ സംയുക്ത പാർലമെന്ററി സമിതിക്കു കൈമാറി. 2019 ജനുവരി ഏഴിനാണു സമിതി റിപ്പോർട്ട് നൽകിയത്.

## പുതിയ വൈദ്യുത വാഹന നയവുമായി കേന്ദ്രം

**ന്യൂഡൽഹി:** പുതിയ വൈദ്യുത വാഹന നയം പ്രഖ്യാപിച്ച് കേന്ദ്രം. വൈദ്യുത വാഹനങ്ങളുടെ ഇറക്കുമതി തീരുവ 85 ശതമാനത്തോളം കുറച്ചുകൊണ്ടുള്ള നയമാണ് കേന്ദ്രം പ്രഖ്യാപിച്ചിരിക്കുന്നത്. രാജ്യത്തെ ഇ വാഹന മേഖലയിൽ പ്രമുഖ ആഗോള നിർമാതാക്കളുടെ നിക്ഷേപം ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് നടപടി. ഇന്ത്യയിൽ പ്രവർത്തനം ആരംഭിക്കാൻ ഇരിക്കുന്ന ഇലോൺ മസ്കിന്റെ ടെസ്ല ഉൾപ്പെടെയുള്ള കമ്പനികൾക്ക് വലിയ ഊർജമേകുന്നതാണ് കേന്ദ്രത്തിന്റെ പുതിയ നീക്കം.

ഇ വാഹന മേഖലയിൽ 4150 കോടി രൂപയുടെ നിക്ഷേപം നടത്താൻ തയാറുള്ള, ആഭ്യന്തര ഉല്പാദന കേന്ദ്രം ആരംഭിക്കുന്ന നിർമാതാക്കൾക്കായിരിക്കും നികുതി ഇളവ് ലഭ്യമാകുക. ഇന്ത്യയെ ലോകത്തെ പ്രധാനപ്പെട്ട ഇ വാഹന നിർമാണ കേന്ദ്രമായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് നടപടി.

ഗുജറാത്തിൽ ടെസ്ലയുടെ നിർമാണ പ്ലാൻറ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ അവസാന ഘട്ടത്തിലാണെന്ന് ബ്ലൂംബെർഗ് ഡിസംബറിൽ അറിയിച്ചിരുന്നു. രാജ്യത്ത് ചൈന നിർമിച്ച



കാറുകൾ വിൽക്കുന്നത് അവസാനിപ്പിക്കണമെന്നും ആഭ്യന്തര ഉല്പാദനം ആരംഭിക്കണമെന്നും ഇന്ത്യയും ആവശ്യപ്പെട്ടിരുന്നു. 2019 ൽ തന്നെ ഇന്ത്യയിൽ ടെസ്ലയുടെ നിർമാണ പ്ലാൻറ് ആരംഭിക്കുന്നതിനായി മസ്ക് താല്പര്യം പ്രകടിപ്പിച്ചിരുന്നു. ഇന്ത്യയിലെ വർധിച്ച ഇറക്കുമതി തീരുവയാണ് അദ്ദേഹം തടസ്സമായി ചൂണ്ടിക്കാട്ടിയത്. ഇറക്കുമതി തീരുവ കുറയ്ക്കണമെന്ന മസ്കിന്റെ ആവശ്യത്തോട് സർക്കാർ ഇതുവരെ മുഖം തിരിച്ചുനിൽക്കുകയായിരുന്നു.

പുതിയ വൈദ്യുത വാഹന നയ പ്രകാരം ഇന്ത്യയിലെ ഇ വാഹന മേഖലയിൽ 4150 കോടി രൂപ നിക്ഷേപിക്കുന്നവർക്കാണ് സർക്കാർ നികുതി ഇളവ് പ്രഖ്യാപിച്ചിരിക്കുന്നത്. മൂന്നുവർഷത്തിനുള്ളിൽ നിർമാണ യൂണിറ്റ് ആരംഭിക്കുകയും വേണം. കേന്ദ്രത്തിന്റെ നിർദേശങ്ങൾ പാലിക്കുന്ന കമ്പനികൾക്ക് അഞ്ചുവർഷത്തേക്ക് 15 ശതമാനം ഇറക്കുമതി തീരുവയിൽ പരമാവധി 8000 വൈദ്യുത വാഹനങ്ങൾ ഇറക്കുമതി ചെയ്യാൻ സാധിക്കും. സികെഡി യൂണിറ്റുകൾക്ക് മാത്രമാണ് ഇത് ബാധകം.

നിലവിൽ ഇറക്കുമതി ചെയ്യുന്ന കാറുകളുടെ മൂല്യമനുസരിച്ച് 70,100 ശതമാനം നികുതിയാണ് ഇന്ത്യ ഈടാക്കുന്നത്. ഇന്ത്യയിൽ നിർമാണ യൂണിറ്റ് തുടങ്ങാൻ താല്പര്യം പ്രകടിപ്പിച്ച് രംഗത്തെത്തിയവരിൽ ടെസ്ലയ്ക്ക് പുറമേ വിയറ്റ്നാമീസ് കമ്പനിയായ വിൻഫാസ്റ്റുമുണ്ട്.

ഇന്ത്യൻ കാർ വിപണിയിൽ കഴിഞ്ഞ വർഷം വിറ്റുപോയ കാറുകളിൽ രണ്ടുശതമാനം മാത്രമാണ് വൈദ്യുത വാഹനങ്ങൾ. 2030 ആകുമ്പോഴേക്കും ഇത് 30 ശതമാനമാക്കി ഉയർത്താനാണ് കേന്ദ്രം ലക്ഷ്യമിടുന്നത്. ഒപ്പം വാഹന നിർമാതാക്കളെ ഇന്ത്യയിലേക്ക് ആകർഷിക്കാനുള്ള നടപടികളും പുരോഗമിക്കുന്നുണ്ട്.



# നവജാത ശിശുക്കളുടെ സുരക്ഷയ്ക്ക് വൈഗോണിന്റെ ന്യൂട്രിസേഫ്2 സിസ്റ്റം

**കൊച്ചി:** സ്പെഷ്യലൈസ്ഡ് മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിലും വിതരണത്തിലും മുൻനിരക്കാരനായ വൈഗോൺ തങ്ങളുടെ പുതിയ ഉൽപ്പന്നമായ ന്യൂട്രിസേഫ്2 പുറത്തിറക്കി. നവജാതശിശുക്കൾക്കായി സൂക്ഷ്മമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ അത്യാധുനിക എന്ററൽ ഫീഡിംഗ് സിസ്റ്റം നിയോനേറ്റൽ ഐസിയുവിൽ ഭക്ഷണ കൃത്യതയും സുരക്ഷയും ഉറപ്പാക്കുന്നു.നവജാത ശിശുക്കൾക്ക് മരുന്നുകളും മറ്റു ചികിത്സകളും വിവിധ ട്യൂബുകളിലൂടെയും കത്തീറ്ററുകളിലൂടെയുമാണ് ലഭ്യമാക്കുന്നത്. ഒരു പോലിരിക്കുന്ന കണക്ടറുകൾ പലപ്പോഴും മിസ് കണക്ഷനുകൾക്ക് കാരണമാവാറുണ്ട്. നവജാതശിശു പരിചരണത്തിൽ വ്യാപകമായ അപകടസാധ്യതയുള്ള, മരണങ്ങൾക്ക് വരെ കാരണമായേക്കാവുന്ന ട്യൂബിംഗ് മിസ് കണക്ഷനുകളുടെ നിർണായക വെല്ലുവിളിയെ മറികടക്കാൻ ന്യൂട്രിസേഫ്2 സിസ്റ്റം സഹായിക്കുമെന്ന് വൈഗൺ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ ശ്രീ പവൻ ചൗധരി പറഞ്ഞു.പോഷകാഹാരത്തിലെ മിസ് കണക്ഷനുകൾ അന്താരാഷ്ട്ര തലത്തിൽ ഒരു




നിർണായക ആശങ്കയാണ്. നവജാതശിശുക്കളിലെ എല്ലാ മിസ് കണക്ഷനുകളിലും 40% എന്ററൽ ക്ലിനിക്കൽ ഏരിയയുമായി ബന്ധപ്പെട്ടിരിക്കുന്നു, അനന്തരഫലങ്ങൾ പലപ്പോഴും ഗുരുതരവും ചിലപ്പോൾ മാരകവുമാണ്. രോഗികളെ അവരുടെ അസുഖത്തിനപ്പുറം അപ്രതീക്ഷിതമായി ദോഷകരമായി ബാധിക്കില്ലെന്ന് ഉറപ്പാക്കുന്ന ഉൽപ്പന്നങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനുള്ള വൈഗോണിന്റെ പ്രതിബദ്ധതയുടെ മറ്റൊരു സാക്ഷ്യമാണ് ന്യൂട്രിസേഫ്2വിന്റെ സമാരംഭമെന്നും പവൻ ചൗധരി പറഞ്ഞു.

രണ്ട് ദശാബ്ദങ്ങളിലായി 40ലധികം ആഗോള വിപണികളിൽ അതിന്റെ ഫലപ്രാപ്തി തെളിയിച്ച ന്യൂട്രിസേഫ്2, ഇന്ത്യയിലുടനീളമുള്ള നിയോനാറ്റൽ ഇന്റൻസീവ് കെയർ യൂണിറ്റുകളിൽ അഗാധമായ സ്വാധീനം ചെലുത്തുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് വൈഗോൺ ഇന്ത്യ വി.പി. ഓപ്പറേഷൻസ് ദീപക് സലൂജ പറഞ്ഞു.

ജോയിന്റ് കമ്മീഷനിൽ നിന്നുള്ള 2014 ലെ സെന്റിനൽ ഇവന്റ് അലേർട്ട് പ്രകാരമുള്ള ഈ നിർണായക ആരോഗ്യ പ്രശ്നത്തോടുള്ള പ്രതികരണമായാണ് ഉപകരണത്തിന്റെ ലോഞ്ച് വരുന്നത്.ഐവി ലൈനുകളിൽ തെറ്റായി ഘടിപ്പിച്ച എന്ററൽ ഫീഡിംഗ് സൊല്യൂഷനുകൾ ഉൾപ്പെടെ, നിരവധി മരണങ്ങൾക്ക് ഇടയാക്കിയ ട്യൂബ് കണക്ഷനുകളുടെ ഗുരുതരമായ പ്രത്യാഘാതങ്ങളിലേക്ക് അലേർട്ട് വെളിച്ചം വീശുന്നു. ഇത്തരം അപകടസാധ്യതകൾക്കെതിരായ ഫലപ്രദമായ ഒരു സംരക്ഷണമായ ന്യൂട്രിസേഫ്2 നവജാത ശിശുക്കൾക്ക് പ്രത്യേകം തയ്യാറാക്കിയ എന്ററൽ ഫീഡിംഗിൽ സുരക്ഷ ഉറപ്പാക്കുന്നുവെന്നും ദീപക് സലൂജ പറഞ്ഞു.

# സീപോർട്ട് എയർപോർട്ട് റോഡ്: എൻ.എ. ഡി ഭൂമി അനുവദിച്ച് ഉത്തരവിറങ്ങി

**കൊച്ചി:** സീപോർട്ട് എയർപോർട്ട് റോഡ് വികസനത്തിനായി എൻ.എ.ഡി.യിൽ നിന്ന് വിട്ടു കിട്ടേണ്ട 2 .4967 ഹെക്ടർ ഭൂമി റോഡ് നിർമ്മാണത്തിന് അനുവദിച്ച് രാഷ്ട്രപതിയുടെ ഉത്തരവിറങ്ങി. തൃക്കാക്കര നോർത്ത് വില്ലേജിലെ നിർദ്ദിഷ്ട ഭൂമി നിർമ്മാണ പ്രവർത്തനങ്ങൾക്കായി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷന് ഒരു മാസത്തിനുള്ളിൽ കൈമാറും. ഭൂമി വിലയായി 23.06 കോടി രൂപ ആർ.ബി.ഡി.സി.കെ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് നൽകണം. ഭൂമി ലഭ്യമാക്കിയതിന് പകരമായി എൻ.എ.ഡിയുമായുള്ള ധാരണപ്രകാരം എച്ച്.എം.ടി എൻ.എ.ഡി റോഡ് 5.5 മീറ്റർ വീതിയിൽ പുനർനിർമ്മിക്കും. ഭൂമിക്കായുള്ള അപേക്ഷ വേഗത്തിൽ തീർപ്പാക്കാൻ കേന്ദ്ര പ്രതിരോധ മന്ത്രാലയവുമായി സംസ്ഥാന സർക്കാർ നിരന്തരമായി ബന്ധപ്പെട്ടു വരികയായിരുന്നുവെന്ന് മന്ത്രി പി.രാജീവ് പറഞ്ഞു. സീപോർട്ട് എയർപോർട്ട് നിർമാണത്തിലെ പ്രധാന തടസം ഇതിലൂടെ പരിഹരിക്കപ്പെട്ടതായും മന്ത്രി പറഞ്ഞു.

പദ്ധതിക്കായി കണ്ടെത്തിയ ഭൂമി അളന്ന് തിരിക്കുന്നതിന് ഉദ്യോഗസ്ഥരുടെ പ്രത്യേക ബോർഡ് രൂപീകരിക്കും. തുടർ നടപടികൾ വേഗത്തിലാക്കാനാണ് സംസ്ഥാന സർക്കാർ തീരുമാനം. എച്ച്.എം.ടി എൻ. എ.ഡി തൊരപ്പ് റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ, ടെലഫോൺ പോസ്റ്റുകൾ



തുടങ്ങിയവ മാറ്റിസ്ഥാപിക്കും. പുതിയ ട്രാഫിക് സിഗ്നൽ പോയിന്റുകളും വരും.

സീപോർട്ട് എയർപോർട്ട് റോഡ് വികസനത്തിന്റെ ഭാഗമായി എൻ.എ.ഡി മഹിളാലയം റീച്ചിന് ആവശ്യമായ 722.04 കോടി രൂപ കൂടി അനുവദിക്കാൻ കഴിഞ്ഞ കിഫ്ബി ബോർഡ് യോഗം തീരുമാനിച്ചിരുന്നു. പുതുക്കിയ എസ്റ്റിമേറ്റനുസരിച്ചുള്ള തുകയാണ് അനുവദിച്ചിരിക്കുന്നത്. തിരുവനന്തപുരത്ത് മന്ത്രിമാരായ പി.രാജീവ്, കെ. രാജൻ, പി.എ മുഹമ്മദ് റിയാസ് എന്നിവരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ നിർദ്ദേശച്ചതനുസരിച്ചാണ് പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബി ബോർഡ് അംഗീകരിച്ചത്.

സീപോർട്ട് എയർപോർട്ട് വികസനത്തിന്റെ ഭാഗമായി നാലുവരിയാക്കാൻ അവശേഷിക്കുന്ന ഭാരത് മാത കോളേജ് കളക്ടറേറ്റ് റീച്ചും ഇൻഫോപാർക്ക് ഇരുമ്പനം പുതിയ റോഡ് റീച്ചും നാലുവരിയാക്കാനും എച്ച്. എം.ടി ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട തുടർനടപടികൾ വേഗത്തിലാക്കാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. റോഡ് വികസനത്തിന് ആവശ്യമായ എച്ച്. എം.ടി ഭൂമി ലഭ്യമാക്കുന്നതിന് 16.35 കോടി രൂപ ദേശസാൽകൃത ബാങ്കിൽ കെട്ടിവെക്കാൻ സുപ്രീം കോടതി അനുമതി തേടുകയും ചെയ്തു. കഴിഞ്ഞ 20 വർഷത്തിലേറെയായി റോഡ് വികസനത്തിലെ പ്രധാന കടമ്പയായിരുന്നു എൻ.എ.ഡി ഭൂമിപ്രശ്നം. സംസ്ഥാന സർക്കാർ നടത്തിയ നിരന്തര സമ്മർദ്ദത്തിനൊടുവിലാണ് ഭൂമി അനുവദിക്കപ്പെട്ടതെന്നും മന്ത്രി പി.രാജീവ് പറഞ്ഞു.



# കുള്ളൻപശു സംരക്ഷണപദ്ധതി നടപ്പിലാക്കും

**തൃശൂർ:** കുള്ളൻ പശുക്കളെ സംരക്ഷിക്കാനുള്ള പദ്ധതി സർക്കാർ നടപ്പിലാക്കുമെന്ന് മന്ത്രി ജെ.ചിഞ്ചുറാണി. കൊച്ചരിപ്പ വന സംരക്ഷണ സമുച്ചയത്തിൽ പട്ടികവർഗ്ഗ ഊരുകളിലെ മൃഗസംരക്ഷണ ക്യാമ്പുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു. കൊച്ചരിപ്പ, ഇടപ്പണ, കടമാൻ കോട്, വഞ്ചിയോട് തെന്മല എന്നിവിടങ്ങളിൽ പരമ്പരാഗതമായി ഇവയെ വളർത്തുന്നുണ്ട്. അവയുടെ ജനിതകപഠനങ്ങൾനടത്താൻ വെറ്ററിനറി സർവകലാശാലയെ ചുമതലപ്പെടുത്തും. കൊച്ചരിപ്പ ഇടപ്പണ കോളനികളിൽ പട്ടികവർഗ്ഗക്കാർ വളർത്തുന്ന ഉരുക്കൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതിയും മന്ത്രി ഉദ്ഘാടനം ചെയ്തു. ലക്ഷണമൊത്ത തെന്മല കുള്ളൻമാരെയും കർഷകരെയും മന്ത്രി ആദരിച്ചു.

ചിതറ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എം.എസ് മുരളിഅധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്ഥിരംസമിതി അധ്യക്ഷ ജെ. നജിബത്ത്, ബ്ലോക്ക് പഞ്ചായത്ത്അംഗം ഉഷ, പഞ്ചായത്തംഗങ്ങളായ മടത്തറ അനിൽ, പ്രജീഷ്, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. എസ് അനിൽകുമാർ, ജില്ലാ മൃഗാശുപത്രി മേധാവി ഡോ. ഡി ഷൈൻകുമാർ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ വിധുമോൾ, ഡോ.ബി .സോജ, ഡോ. എസ് ഷീജ, ഡോ. നിസാം, ഗിരീഷ് ,സുജിത്ത് തുടങ്ങിയവർ സംസാരിച്ചു.

# ഫ്ളോട്ടിംഗ് ജെട്ടി നിർമ്മാണത്തിന് 20.5 കോടി രൂപയുടെ അനുമതി

**തൃശൂർ:** ഗുരുവായൂർ നിയോജക മണ്ഡലത്തിലെ മുനക്കക്കടവ് ഫിഷ്ലാൻറിംഗ് സെൻററിൽ ഫ്ളോട്ടിംഗ് ജെട്ടി നിർമ്മിക്കുന്നതിന് 11.67 കോടി രൂപയുടെയും ചേറ്റുവ ഹാർബറിൽ ഫ്ലോട്ടിംഗ് ജെട്ടി നിർമ്മിക്കുന്നതിന് 8.83 കോടി രൂപയുടെയും അനുമതിയായി.

വേലിയേറ്റ വേലിയിറക്ക സമയങ്ങളിൽ ജലനിരപ്പിനനുസരിച്ച് ഉയരുകയും താഴുകയും ചെയ്യുന്ന ആധുനിക രീതിയിലുള്ള ഫ്ലോട്ടിംഗ് ജെട്ടി നിർമ്മാണത്തിലൂടെ മത്സ്യബന്ധനയാനങ്ങൾക്ക് പ്രത്യേകിച്ച് ചെറുവള്ളങ്ങൾക്ക് സുഗമമായി കരക്ക് അടുപ്പിക്കാൻ സാധിക്കും. സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സഹകരണത്തോടെയാണ് പദ്ധതി യാഥാർത്ഥ്യമാക്കുന്നത്.

# പള്ളുരുത്തി മധുരക്കമ്പനി - കണ്ണങ്ങാട്ട് പാലം നിർമ്മാണം പൂർത്തിയായി

**കൊച്ചി:** യാത്രാക്ലേശത്തിന് പരിഹാരം കണ്ട് പള്ളുരുത്തിയുടെ വികസനത്തിന് നാഴികകല്ലാകുന്ന പള്ളുരുത്തി മധുരക്കമ്പനി കണ്ണങ്ങാട്ട് പാലം നിർമ്മാണം പൂർത്തിയായി. 30 വർഷമായിട്ടുള്ള പള്ളുരുത്തി ഇടക്കൊച്ചി പ്രദേശത്തെ ജനങ്ങളുടെ ആവശ്യമാണ് പാലം. പാലം നിർമ്മാണത്തിന് ജോൺ ഫെർണാണ്ടസ് എം.എൽ.എ ആയിരുന്ന സന്ദർഭത്തിൽ 2016 ൽ അദ്ദേഹത്തിൻറെ ആസ്തി വികസന ഫണ്ടിൽ നിന്നും 2,78,78,000/ രൂപ അനുവദിച്ചു. എന്നാൽ പാലം നിർമ്മാണം ആരംഭിച്ചിരുന്നില്ല. പാലം നിർമ്മാണത്തിന് പ്രധാന തടസ്സമായിരുന്നത് പള്ളുരുത്തി ഭാഗത്തെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുവാൻ കഴിയാതിരുന്നതാണ്. ഈ കൗൺസിൽ വന്നതിനുശേഷം സ്ഥലം ഏറ്റെടുക്കുന്നതിൻറെ തടസ്സങ്ങൾ നീക്കുകയും 85,00,000/ രൂപ നഗരസഭയുടെ ഫണ്ടിൽ നിന്നും ചെലവഴിച്ച് പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തിയാക്കി. പാലം നിർമ്മാണത്തിന് ആവശ്യമായി കൂടുതൽ വേണ്ടി വന്ന 27,50,416/ രൂപയും നഗരസഭാ ഫണ്ടിൽ നിന്നും അനുവദിച്ചു. ടെണ്ടർ നടപടി സ്വീകരിച്ച് സമയബന്ധിതമായി പാലം നിർമ്മാണം പൂർത്തീകരിച്ചതായി കൊച്ചി മേയർ അഡ്വ.എം അനിൽകുമാർ പറഞ്ഞു.അപ്രോച്ച് റോഡിനാവശ്യമായ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീയാക്കുവാൻ നിർദ്ദേശിച്ചു. അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിക്കുന്നതിന് ആദ്യഘട്ടമായി നഗരസഭ 55,00,000/ രൂപ അനുവദിച്ചു. അപ്രോച്ച് റോഡിൻറെ വീതി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായി വരുന്ന കണ്ണങ്ങാട്ട് ഭാഗത്തെ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടി 1 കോടി രൂപയും നഗരസഭ അനുവദിച്ചിട്ടുള്ളതാണ്, അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ ബാക്കി സംഖ്യയും നഗരസഭ അനുവദിക്കുന്നതാണെന്നും മേയർ പറഞ്ഞു.

# സംസ്ഥാനത്തെ ദന്തൽ മേഖലയ്ക്ക് ദേശീയതലത്തിൽ അംഗീകാരം

**തിരുവനന്തപുരം:** കേന്ദ്ര ആരോഗ്യ മന്ത്രാലയവും ന്യൂഡൽഹി എയിംസിലെ സെന്റർ ഫോർ ദന്തൽ എഡ്യൂക്കേഷൻ ആന്റ് റിസർച്ചും ഡൽഹിയിൽ വച്ച് സംഘടിപ്പിച്ച നാഷണൽ ഓറൽ ഹെൽത്ത് പ്രോഗ്രാം ദേശീയ അവലോകന യോഗത്തിൽ കേരളത്തിന് അഭിനന്ദനം. ദന്താരോഗ്യ രംഗത്ത് കേരളത്തിൽ വലിയ മാറ്റമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് യോഗം വിലയിരുത്തി. സംസ്ഥാനം നടപ്പിലാക്കുന്ന ദന്താരോഗ്യ പദ്ധതികളായ മന്ദഹാസം, പുഞ്ചിരി, വെളിച്ചം, ദീപ്തം തുടങ്ങിയവ രാജ്യത്താകെ മാതൃകയായി. തമിഴ്നാട്, അരുണാചൽ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളും ലക്ഷദ്വീപ്, പുതുച്ചേരി തുടങ്ങിയ കേന്ദ്ര ഭരണ പ്രദേശങ്ങളും ഈ പദ്ധതികൾ അവിടെ നടപ്പാക്കാൻ ഏറ്റെടുത്തു.

സംസ്ഥാനം ദന്താരോഗ്യ മേഖലയ്ക്ക് നൽകുന്ന പ്രാധാന്യത്തിനുള്ള അംഗീകാരമാണ് ഈ ദേശീയ അഭിനന്ദനമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ദന്തൽ ചികിത്സാ രംഗത്ത് കേരളത്തെ ഹബ്ബാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. കോട്ടയം ദന്തൽ കോളേജിൽ അടുത്തിടെ അഡ്മിനിസ്ട്രേറ്റീവ് & റിസർച്ച് ബ്ലോക്ക് യാഥാർത്ഥ്യമാക്കി. തെരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിൽ ദന്തൽ ചികിത്സ ലഭ്യമാണ്. എല്ലാ താലൂക്ക് ആശുപത്രികളിലും ദന്തൽ യൂണിറ്റ് ഉടൻ യാഥാർത്ഥ്യമാക്കും. ദേശീയ റാങ്കിംഗിൽ ആദ്യമായി തിരുവനന്തപുരം ദന്തൽ കോളേജ് ഇടംപിടിച്ചു. ദന്തൽ കോളേജുകളിലെ ലാബുകൾ കൂടാതെ സംസ്ഥാനത്ത് സെറ്റ് പല്ലുകൾ നിർമ്മിക്കാൻ കഴിയുന്ന 57 അക്രിലിക് ലാബുകളും സ്ഥിരമായി വയ്ക്കുന്ന പല്ലുകൾ നിർമ്മിക്കുന്ന ഒരു ഡെന്റൽ സിറാമിക് ലാബും സ്ഥാപിച്ചിട്ടുണ്ട്. ഇത്രത്തോളം ലാബുകൾ ദേശീയ തലത്തിൽ മറ്റൊരു സംസ്ഥാനത്തുമില്ല. ഇത് കൂടാതെയാണ് ദന്താരോഗ്യ രംഗത്ത് വിവിധങ്ങളായ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കി വരുന്നതെന്നും മന്ത്രി വ്യക്തമാക്കി.

സാമൂഹ്യ നീതി വകുപ്പുമായി സഹകരിച്ച് 60 വയസിന് മുകളിൽ പ്രായമായ ബിപിഎൽ വിഭാഗത്തിലെ വയോജനങ്ങൾക്ക് സൗജന്യമായി കൃത്രിമ പല്ല് വച്ച് കൊടുക്കുന്ന പദ്ധതിയാണ് മന്ദഹാസം. കഴിഞ്ഞ 3 വർഷത്തിനുള്ളിൽ 7,012 വയോജനങ്ങൾക്ക് സെറ്റ് പല്ല് വച്ചു കൊടുത്തു. ആറിനും പതിനാറിനും ഇടയിൽ പ്രായമുള്ള സ്കൂൾ കുട്ടികൾക്ക് സമ്പൂർണ ദന്ത പരിരക്ഷ ഉറപ്പാക്കുന്ന സൗജന്യ പദ്ധതിയാണ് പുഞ്ചിരി. 2023ൽ ഈ പദ്ധതിയിലൂടെ 1.32 ലക്ഷം സ്കൂൾ കുട്ടികൾക്ക് സമഗ്ര ദന്ത പരിരക്ഷ നൽകി. കേരളത്തിലെ എല്ലാ ആദിവാസി മേഖലകളിലേയും ഗോത്ര വിഭാഗക്കാർക്കും തീരദേശ മേഖലയിലെ പ്രായം ചെന്നവർക്കും അതിഥി തൊഴിലാളികൾക്കും സൗജന്യ ഓറൽ കാൻസർ (വദനാർബുദം) സ്ക്രീനിംഗും ചികിത്സയും ഉറപ്പ് വരുത്തുന്നതാണ് വെളിച്ചം പദ്ധതി. ഈ പദ്ധതിയിലൂടെ 545 പേർക്ക് വദനാർബുദവും 4682 പേർക്ക് വദനാർബുദത്തിന് മുന്നോടിയായി വരുന്ന ഓറൽ പ്രീ ക്യാൻസർ രോഗങ്ങളും കണ്ടെത്തി ചികിത്സയും തുടർ പരിചരണവും നൽകിവരുന്നു.



# സൗജന്യ നേത്ര പരിശോധനാക്യാമ്പ് സംഘടിപ്പിച്ചു

**കൊച്ചി:** ഫെയ്സ് ഫൗണ്ടേഷനും അങ്കമാലി ലിറ്റിൽ ഫ്ളവർ കണ്ണാശുപത്രിയുമായി ചേർന്ന് സൗജന്യ നേത്ര പരിശോധനാക്യാമ്പ് സംഘടിപ്പിച്ചു

കടവന്ത്ര ഗാന്ധിനഗറിലെ ഫേസ് ഫൗണ്ടേഷൻ ഓഫീസ് അങ്കണത്തിൽ രാവിലെ ആരംഭിച്ച ക്യാമ്പിന് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ ഒപ്ത്താൽമോളജി വിഭാഗം ഡോ. അനുശ്രീയുടെ നേതൃത്വത്തിലുള്ള ഡോക്ടർമാർ അടക്കമുള്ള മെഡിക്കൽ സംഘം പരിശോധനക്ക് നേതൃത്വം നൽകി. തെരുവിൽ കഴിയുന്ന തികച്ചും നിർധനരായവർ അടക്കം നൂറുകണക്കിനാളുകൾ ക്യാമ്പിൽപങ്കെടുത്തു. പരിശോധനയിൽ തിമരം ബാധിച്ചതായി കണ്ടെത്തിയവർക്ക് സൗജനമായി ശസ്ത്രക്രിയ നടത്തിക്കൊടുക്കും. കടവന്ത്ര ജനമൈത്രീ പോലിസ് സ്റ്റേഷൻ എസ്എച്ച്ഒ പി. എം. രതീഷ് ക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഫെയ്സ് ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റി ടി ആർ ദേവൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു, ഡോ. മേരി അനിത, ട്രഷറർ ആർ ഗിരീഷ് , വൈസ് ചെയർമാൻ ഡോ: ടി വിനയകുമാർ, സെക്രട്ടറി സി ബി ഹരി. ഓഡിറ്റർ എ എസ് രാജൻ, സാമുവൽ മാത്യു എന്നിവർ പ്രസംഗിച്ചു.

# പകർച്ചവ്യാധി പ്രതിരോധത്തിന് ഏകോപിച്ചുള്ള പ്രവർത്തനം അനിവാര്യം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** പകർച്ചവ്യാധി പ്രതിരോധത്തിന് വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. നിലവിലുള്ള നിയമങ്ങളെ ഏകീകരിച്ചും ക്രോഡീകരിച്ചും പൊതുജനാരോഗ്യ രംഗത്തെ വെല്ലുവിളികൾ കണക്കിലെടുത്ത് കാലികമായ മാറ്റങ്ങൾ വരുത്തിയുമാണ് പൊതുജനാരോഗ്യ നിയമം യഥാർത്ഥ്യമാക്കിയത്. ഏകാരോഗ്യത്തിന് പ്രാധാന്യം നൽകി പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ടുള്ള സമഗ്രമായ കാര്യങ്ങളാണ് പൊതുജനാരോഗ്യ നിയമത്തിലുള്ളത്. നിയമം അനുശാസിക്കുന്ന സംസ്ഥാനതല പൊതുജനാരോഗ്യ സമിതിയും ജില്ലാതല സമിതികളും പ്രാദേശിക സമിതികളും കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. അതത് പ്രദേശത്തെ പകർച്ചവ്യാധികൾ കൃത്യമായി വിലയിരുത്തുകയും പ്രതിരോധ നടപടി സ്വീകരിക്കേണ്ടതുമാണ്. മഴക്കാലം മുന്നിൽ കണ്ട് ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾക്കെതിരെ ശക്തമായ പ്രതിരോധ നടപടികൾ സ്വീകരിക്കണം. മഴക്കാല പൂർവ ശുചീകരണത്തിനും പ്രാധാന്യം നൽകണമെന്നും മന്ത്രി നിർദേശം നൽകി.

കേരള പൊതുജനാരോഗ്യ നിയമത്തിന്റെ വിജ്ഞാപനം ഇറങ്ങിയതിന് ശേഷമുള്ള സംസ്ഥാനതല സമിതിയുടെ ആദ്യ യോഗം മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്നു. ആരോഗ്യവകുപ്പ് മന്ത്രി അധ്യക്ഷയായ സംസ്ഥാന സമിതിയിൽ ആരോഗ്യ വകുപ്പ് സെക്രട്ടറി ഉപാദ്ധ്യക്ഷനും ആരോഗ്യ വകുപ്പ് ഡയറക്ടർ മെമ്പർ സെക്രട്ടറിയുമാണ്. തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ, ഭക്ഷ്യസുരക്ഷാ വകുപ്പ് കമ്മീഷണർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, ഫിഷറീസ് വകുപ്പ് ഡയറക്ടർ, ക്ഷീരവികസന വകുപ്പ് ഡയറക്ടർ എന്നിവർ അംഗങ്ങളുമാണ്.

പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിലേയ്ക്കായി സംസ്ഥാന, ജില്ലാ, പ്രാദേശിക തലങ്ങളിൽ യഥാക്രമം സംസ്ഥാന, ജില്ലാ, പ്രാദേശിക പൊതുജനാരോഗ്യ സമിതികൾ അടിയന്തരമായി ചേർന്ന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ആരോഗ്യ മേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിയ്ക്കുന്നതിന് അതത് കാലങ്ങളിൽ സർക്കാർ ആവിഷ്കരിക്കുന്ന കർമ്മ പരിപാടികൾ അതത് തലങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട് എന്നുള്ളത് സമിതികൾ വിശകലനം ചെയ്യേണ്ടതും ഉറപ്പുവരുത്തേണ്ടതുമാണ്.

പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് പബ്ലിക് ഹെൽത്ത് ഓഫീസർമാർ കുറഞ്ഞത് 3 മാസത്തിലൊരിയ്ക്കലെങ്കിലും സമിതി മുമ്പാകെ വയ്ക്കേണ്ടതും അതതു തലങ്ങളിലെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ സമിതി അവലോകനം ചെയ്യേണ്ടതുമാണ്. ഇക്കാര്യങ്ങളെല്ലാം കൃത്യമായി ഉറപ്പ് വരുത്തണമെന്ന് മന്ത്രി നിർദേശം നൽകി.



# മിഡിൽ ലീഡർ പ്രോഗ്രാമുമായി ജിയോ ഇൻസ്റ്റിറ്റ്യൂട്ടും ഇസിഐഎസും

**കൊച്ചി/ മുംബൈ:** ഇന്ത്യയിലെ അദ്ധ്യാപകർക്കും അക്കാദമിക് പ്രൊഫഷണലുകൾക്കും ഇസിഐഎസിന്റെ 'മിഡിൽ ലീഡർ പ്രോഗ്രാമിൽ' നേരിട്ട് പങ്കെടുക്കാനുള്ള അവസരം ഒരുക്കി ജിയോ ഇൻസ്റ്റിറ്റ്യൂട്ട്. ജിയോ ഇൻസ്റ്റിറ്റ്യൂട്ടും ലണ്ടനിലെ ദി എജ്യുക്കേഷണൽ കൊളാബറേറ്റീവ് ഫോർ ഇന്റർനാഷണൽ സ്കൂൾസും (ഇസിഐഎസ്) പങ്കാളികളായി കെ12 സ്കൂളുകൾക്കായി 'ദി മിഡിൽ ലീഡർ പ്രോഗ്രാം' നടത്തും. ഇന്റർനാഷണൽ, ഐസിഎസ്ഇ, സിബിഎസ്ഇ, മറ്റ് ബോർഡ് സ്കൂളുകൾ എന്നിവയിലെ അധ്യാപകർക്ക് അവരുടെ സ്കൂളുകളിൽ നേതൃസ്ഥാനത്തെത്താൻ സഹായിക്കുന്നു. 2024 ജൂൺ 10നും 14നും ഇടയിലാണ് ഇത് പ്രോഗ്രാം നടത്തുക.വെസ് പ്രിൻസിപ്പൽമാർ, ഡിപ്പാർട്ട്മെന്റ് ഹെഡ്മാർ, കോർഡിനേറ്റർമാർ, കൗൺസിലിംഗ് ഡയറക്ടർമാർ, ആക്റ്റിവിറ്റീസ് & അത്‌ലറ്റിക്സ് തുടങ്ങി എല്ലാ തലങ്ങളിലുമുള്ള സ്കൂൾ ലീഡർമാരെ ശാക്തീകരിക്കുന്നതിനാണ് ഈ അഞ്ച് ദിവസത്തെ റെസിഡൻഷ്യൽ പ്രോഗ്രാം പ്രത്യേകം രൂപകൽപ്പന ചെയ്തിരിക്കുന്നത്. വിദ്യാർത്ഥികളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിന് ആത്യന്തികമായി സഹായിക്കുന്ന ആവശ്യമായ സ്കില്ലുകൾ പങ്കെടുക്കുന്നവർക്ക് സ്വായത്തമാകും. 1965 ൽ സ്ഥാപിതമായ സ്ഥാപനമാണ് ഇസിഐഎസ്. അധ്യാപകർക്ക് പ്രൊഫഷണൽ വികസന പരിശീലനം നൽകുന്ന ഇസിഐഎസിന് 85 രാജ്യങ്ങളിലായി 50,000ത്തിലധികം അദ്ധ്യാപകരുടെ ഒരു കമ്മ്യൂണിറ്റി ഉണ്ട്.


2024 ജൂൺ 10 മുതൽ 14 വരെ നവി മുംബൈയിലെ ഉൾവെയിലുള്ള ജിയോ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ക്യാംപസിലാണ് മിഡിൽ ലീഡർ പ്രോഗ്രാം നടക്കുന്നത്. പങ്കെടുക്കുന്നവർക്ക് ക്യാംപസിൽ താമസസൗകര്യവും നൽകും. പ്രോഗ്രാമിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് https://www.jioinstitute.edu.in/elp-middle-leader-programme സന്ദർശിക്കാവുന്നതാണ്.

# ഒരേ വിമാനത്തിൽ 4 നിരക്കിൽ പറക്കാൻ അവസരമൊരുക്കി എയർ ഇന്ത്യ എക്സ്പ്രസ്




**കൊച്ചി:** എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങളിൽ ഒരേ യാത്രയ്ക്ക് നാല് നിരക്കുകളിൽ പറക്കുവാനുള്ള സൗകര്യമൊരുങ്ങുന്നു. നിലവിലുള്ള 15 കിലോ ചെക്ക് ഇൻ ബാഗേജോടു കൂടിയ യാത്രയ്ക്കുള്ള നിരക്കായ എക്സ്പ്രസ് വാല്യൂ, ചെക്ക് ഇൻ ബാഗേജില്ലാത്ത യാത്രയ്ക്കുള്ള പ്രത്യേക നിരക്കായ എക്സ്പ്രസ് ലൈറ്റ്, എത്ര തവണ വേണമെങ്കിലും ചെയിഞ്ച് ഫീ ഇല്ലാതെ യാത്രയ്ക്ക് രണ്ട് മണിക്കൂർ മുമ്പ് വരെ വിമാനം മാറാൻ കഴിയുന്ന എക്സ്പ്രസ് ഫ്ലെക്സ് എന്നിവയ്ക്ക് പുറമേ എക്സ്പ്രസ് ബിസ് എന്ന പേരിൽ ബിസിനസ് ക്ലാസ് സേവനങ്ങൾ ലഭ്യമാക്കുന്ന ടിക്കറ്റ് നിരക്കുകളും എയർലൈൻ പുതുതായി അവതരിപ്പിച്ചു. ഇതോടെ യാത്രക്കാർക്ക് ഇഷ്ടമുള്ള രീതിയിൽ പറക്കാനുള്ള സൗകര്യമാണ് എയർ ഇന്ത്യ എക്സ്പ്രസ് ഒരുക്കുന്നത്.

എയർ ഇന്ത്യ എക്സ്പ്രസിൻറെ പുതിയ വിമാനങ്ങളിലാണ് എക്സ്പ്രസ് ബിസ് എന്ന പേരിൽ ബിസിനസ് ക്ലാസ് സേവനങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. കൂടുതൽ ലെഗ് റൂമോടു കൂടിയ ബിസിനസ് ക്ലാസ് സീറ്റിംഗും എക്സ്പ്രസ് എഹഡ് മുൻഗണനാ സേവനങ്ങളും സൗജന്യ ഗൌർമേർ ഭക്ഷണവും എക്സ്പ്രസ് ബിസിൻറെ ഭാഗമായി യാത്രക്കാർക്ക് ലഭിക്കും.എയർ ഇന്ത്യ എക്സ്പ്രസിൻറെ എല്ലാ പുതിയ ബോയിംഗ് 7378 വിമാനങ്ങളിലും ബിസിനസ് ക്ലാസിന് തുല്യമായ എക്സ്പ്രസ് ബിസ് സേവനം ലഭ്യമാണ്. 58 ഇഞ്ച് അകലമുള്ള സീറ്റുകളായതിനാൽ യാത്രക്കാർക്ക് കൂടുതൽ ലെഗ് റൂം ലഭിക്കും. വിമാനങ്ങളുടെ നിര വിപുലീകരിക്കുന്നതിൻറെ ഭാഗമായി നാല് പുതിയ വിമാനങ്ങൾ വീതമാണ് എയർ ഇന്ത്യ എക്സ്പ്രസ് ഓരോ മാസവും പുറത്തിറക്കുന്നത്.എക്സ്പ്രസ് ബിസ് ടിക്കറ്റുകൾ ബുക്ക് ചെയ്യുമ്പോൾ യാത്രക്കാർക്ക് ആഭ്യന്തര യാത്രകളിൽ 25 കിലോയും അന്താരാഷ്ട്ര യാത്രയിൽ 40 കിലോയുടെയും വർധിപ്പിച്ച ബാഗേജ് അവലൻസും ലഭിക്കും. എയർലൈൻ വെബ്സൈറ്റായ മശ്യശിറശമലഃുൃലൈ.രീാലൂടെയോ എയർ ഇന്ത്യ എക്സ്പ്രസിൻറെ മൊബൈൽ ആപ്പിലൂടെയോ ടിക്കറ്റുകൾ ബുക്ക് ചെയ്യാം.ഇന്ത്യയിലെ 70ലധികം റൂട്ടുകളിൽ ഇപ്പോൾ എയർ ഇന്ത്യ എക്സ്പ്രസിൻറെ ബിസിനസ് ക്ലാസ് സീറ്റുകളുള്ള വിമാനങ്ങൾ സർവീസ് നടത്തുന്നുണ്ട്. ബെംഗളൂരു, ഹൈദരാബാദ്, ഡൽഹി, മുംബൈ, കൊൽക്കത്ത തുടങ്ങിയ മെട്രോ നഗരങ്ങളെ കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം, കണ്ണൂർ, മംഗലാപുരം തുടങ്ങിയ പ്രധാന സ്ഥലങ്ങളുമായി ബന്ധിപ്പിക്കുന്ന സർവീസുകളിലാണ് നിലവിൽ ബിസിനസ് ക്ലാസ് സീറ്റുകളുള്ളത്.



എറണാകുളം എസ്.ആർ.വി ഹൈസ്കൂളിലെ വെള്ളക്കെട്ട് നിവാരണത്തിനായി എസ്.ആർ.വി ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ട നിർമ്മാണത്തിന്റെ ഭാഗമായി ടൈൽസ് പാകിയ സ്കൂൾ മുറ്റം

## എസ്.ആർ.വി ഹൈസ്കൂളിലെ വെള്ളക്കെട്ട് നിവാരണം ആദ്യഘട്ടം പൂർത്തിയായി; മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഇന്ന് ഉദ്ഘാടനം ചെയ്യും

**കൊച്ചി:** എറണാകുളം എസ്.ആർ.വി ഹൈസ്കൂളിലെ വെള്ളക്കെട്ട് നിവാരണത്തിനായി എസ്.ആർ.വി ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ട നിർമ്മാണം പൂർത്തിയായി. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഇന്ന് (16.03.24)ഉദ്ഘാടനം നിർവ്വഹിക്കും.

രാവിലെ 10.30 ന് യു.പി സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന സമ്മേളനത്തിൽ എസ്ആർവി ഒഎസ്എ പ്രസിഡന്റ് ആർക്കിടെക്റ്റ് പ്രൊഫ ബി ആർ അജിത് അധ്യക്ഷത വഹിക്കും. ഹൈബി ഈഡൻ എം.പി, ടി ജെ വിനോദ് എംഎൽഎ, കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ, കൗൺസിലർമാരായ പി ആർ റെനിഷ്,ശ്രീജിത്, പത്മജ എസ് മേനോൻ, സ്കൂൾ പ്രിൻസിപ്പാൾ എ എൻ ബിജു,പി ടി എ പ്രസിഡന്റ് രാജീവ് തുടങ്ങിയവർ സംസാരിക്കും. സെയിന്റ് ഗോബിയൻ ഗ്ലാസ് സിഎസ്ആർ ഫണ്ടിന്റെ സഹായത്തോടെ 12 ലക്ഷം രൂപ ചിലവഴിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സ്കൂൾ പിടിഎയ്ക്കാണ് പദ്ധതിയുടെ മേൽനോട്ടച്ചുമതല.

## ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിൽ രാജ്യാന്തര സമ്മേളനത്തിന് തുടക്കം

**കൊച്ചി:**ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിൽ കൊമേഴ്സ്, ഇക്കണോമിക്സ്, മാനേജ്മെന്റ് എന്നി വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള രാജ്യാന്തര സമ്മേളനത്തിന് തുടക്കമായി. നേപ്പാൾ കാഠ്മണ്ഡു യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് മാനേജ്മെന്റിന്റെ സഹകരണത്തോടെയാണ് ഇന്റർനാഷണൽ കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. കോൺഫറൻസിന്റെ ഔദ്യോഗിക ഉദ്ഘാടനം ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. അജയ് കപൂർ ഓൺലൈനിലൂടെ നിർവഹിച്ചു.

കാഠ്മണ്ഡു യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മാനേജ്മെന്റ് പ്രൊഫസർ ബിനോദ് കൃഷ്ണ ശ്രേഷ്ഠ ഭദ്രദീപം കൊളുത്തി, മുഖ്യ പ്രഭാഷണം നടത്തി. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയും കാഠ്മണ്ഡു യൂണിവേഴ്സിറ്റിയും തമ്മിൽ വിദ്യാർഥികളുടെ വികസനം ലക്ഷ്യമാക്കി വിവിധ മേഖലകളിൽ കൈകോർക്കുന്നത് സംബന്ധിച്ച് ധാരണപത്രം ഒപ്പുവച്ചു.

ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല ഡീൻ അക്കാദമിക്സും, റജിസ്ട്രാർ ഇൻ ചാർജുമായ പ്രൊഫ. ടി.അശോകൻ, ഡീൻമാരായ പ്രൊഫ. കെ.ഗിരീഷ് കുമാർ, പ്രൊഫ.സുനീത ഗ്രാൻഡി, അസിസ്റ്റന്റ് ഡീൻ മഞ്ജുള ആർ. അയ്യർ, സർവകലാശാലയിലെ സ്കൂൾ ഓഫ് കണ്ടംപററി നോളഡ്ജ് സിസ്റ്റംസ് ഹെഡ് ഡോ.അമ്പിളി എ.സ്, അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. രഞ്ജു ചന്ദ്രൻ, ഡോ. സനിത എ.സി തുടങ്ങിയവർ സംസാരിച്ചു.

രാജ്യത്തിനകത്തുനിന്നും വിദേശത്തുനിന്നുമടക്കം നിരവധി മാനേജ്മെന്റ്, കൊമേഴ്സ്, ഇക്കണോമിക്സ് മേഖലയിലെ വിദഗ്ദ്ധർ സമ്മേളനത്തിന്റെ ഭാഗമാകുന്നു.



## വൃക്ക രോഗികളെ സഹായിക്കാൻ എക്സിബിഷനൊരുക്കി കൊച്ചി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** വൃക്ക രോഗികൾക്ക് കലാസൃഷ്ടികൾ പ്രദർശിപ്പിക്കാൻ വേദിയൊരുക്കി കൊച്ചി ആസ്റ്റർ മെഡ്സിറ്റി. ലോക വൃക്ക ദിനാചരണത്തോടനുബന്ധിച്ചായിരുന്നു വൃക്ക മാറ്റിവെച്ച രോഗികൾക്കും മെഡ്സിറ്റിയിൽ ഡയാലിസിസിന് വിധേയരാകുന്നവർക്കും വേണ്ടി പ്രത്യേക പ്രദർശന വിപണന മേള സംഘടിപ്പിച്ചത്.ആശുപത്രിയിൽ ഒരുക്കിയ എക്സിബിഷനിൽ രോഗികൾ സ്വന്തമായി നിർമ്മിച്ച കലാസൃഷ്ടികളും കരകൗശല വസ്തുക്കളും വിവിധയിനം ഭക്ഷ്യ വസ്തുക്കളും മൂല്യവർധിത ഉൽപ്പന്നങ്ങളും കാണാനും വാങ്ങാനുമുള്ള അവസരം ഉണ്ടായിരുന്നു.

വൃക്ക രോഗികളുടെ ഉന്നമനത്തിൽ സമൂഹത്തെ കൂടി പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെയാണ് മേള സംഘടിപ്പിച്ചതെന്ന് അധികൃതർ പറഞ്ഞു.വൃക്ക മാറ്റിവെക്കൽ ചികിത്സയിൽ രാജ്യത്തെ തന്നെ മുൻനിര ആശുപത്രികളിലൊന്നാണ് കൊച്ചി ആസ്റ്റർ മെഡ്സിറ്റി. 42 പീഡിയാട്രിക് കിഡ്നി ട്രാൻസ്പ്ലാൻറ് ഉൾപ്പെടെ 412 വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയകളാണ് ഇതിനോടകം വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളത്. ഇതിൽ 276 എണ്ണം നടത്തിയത് റോബോട്ടിക് സാങ്കേതിക വിദ്യയുടെ സഹായത്തോടെയായിരുന്നു. ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച റോബോട്ടിക് കിഡ്നി ട്രാൻസ്പ്ലാന്റ് സെന്റർ കൂടിയായ മെഡ്സിറ്റിയിലെ ഡോക്ടർമാർ പത്ത് കിലോയിൽ താഴെ ഭാരമുള്ള കുട്ടികളിലെ വൃക്ക മാറ്റിവയ്ക്കൽ ഉൾപ്പെടെ അതി സങ്കീർണമായ ട്രാൻസ്പ്ലാന്റ് ശസ്ത്രക്രിയകളിൽ വൈദഗ്ദ്ധ്യം നേടിയിട്ടുണ്ട്.രോഗമുക്തി നേടിയവരുടെ ഒത്തുചേരലും വൃക്കയുടെ ആരോഗ്യം കാത്തുസൂക്ഷിക്കാൻ ബോധവൽക്കരണം നടത്തുക എന്ന ലക്ഷ്യത്തോടെ മെഡ്സിറ്റിയിലെ നെഫ്രോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ മൂകാഭിനയം ഉൾപ്പെടെയുള്ള പരിപാടികളും സംഘടിപ്പിച്ചിരുന്നു.

# സിഫ്ട് സൗജന്യ സംരംഭക സെമിനാർ 'അക്വാബിസ് സമ്മിറ്റ്' 20 ന്

**കൊച്ചി :** കേന്ദ്ര മൽസ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റിലെ സോണൽ ടെക്നോളജി മാനേജ്മെന്റ് അഗ്രിബിസിനസ് ഇൻകുബേഷൻ സെന്റർ വിഭാഗം ഫിഷറീസ് മേഖലയിലെ സംരംഭകത്വ സാധ്യതകൾ വികസിപ്പിക്കുന്നതിന് 'അക്വാബിസ് സമ്മിറ്റ്'എന്ന പേരിൽ സംഘടിപ്പിക്കുന്ന ഏകദിന സൗജന്യ സംരംഭക സെമിനാർ ഈ മാസം 20 ന് കൊച്ചി കടവന്ത്ര റാഡിസൺ ബ്ലൂ ഹോട്ടലിൽ നടക്കും.

ഐ സി എ ആറിന്റെ കീഴിലുള്ള മൽസ്യ മേഖലയിലെ ഗവേഷണ സ്ഥാപനങ്ങളായ സിഫ്ട്, സി എം എഫ് ആർ ഐ, സിബ, സിഫ്റി, സിഫ, എൻ ബി എഫ് ജി ആർ, സിഫി, ഡി സി എഫ് ആർ എന്നീ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്ത അത്യാധുനിക സാങ്കേതികവിദ്യകൾ പ്രദർശിപ്പിക്കുന്നതിനുള്ള ഒരു വേദി കൂടിയാണ് സമ്മിറ്റ്. കേരള സ്റ്റാർട്ട്അപ്പ് മിഷൻ, എംഎസ്എംഇ, കേരള ഗ്രാമീൺ ബാങ്ക്, എഫ്എസ്എസ്എഐ തുടങ്ങിയ സംഘടനകൾ സംരംഭകർക്കായി പദ്ധതികൾ, സൗകര്യങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകും.സംരംഭകർ, ഗവേഷകർ, നയരൂപകർത്താക്കൾ, ഫണ്ടിംഗ് ഏജൻസികൾ എന്നിവരുൾപ്പെടെയുള്ള വൈവിധ്യമാർന്ന പങ്കാളിത്തത്തോടെ, ഫിഷറീസ് മേഖലയിലെ പരിവർത്തനാത്മക വളർച്ചയ്ക്ക് ഉത്തേജനം നൽകുന്ന സഹകരണം പ്രോത്സാഹിപ്പിക്കാനാണ് അക്വാബിസ് ഫോറം ലക്ഷ്യമിടുന്നത്.

സമുദ്രോത്പന്ന വ്യവസായത്തിൽ നിന്നുള്ള വ്യക്തികൾ, സംരംഭകർ, സ്റ്റാർട്ടപ്പുകൾ, കർഷക ഉൽപാദക സംഘടനകൾ (എഫ്പിഒകൾ), മത്സ്യമേഖലയുമായി ബന്ധമുള്ളവർ എന്നിവർക്കെല്ലാം ഐ സി എ ആർ സിഫ്ട് വെബ്സൈറ്റ് വഴിയോ താഴെക്കൊടുത്തിരിക്കുന്ന മെയിൽ ഐ ഡി വഴിയോ സമ്മിറ്റിൽ രജിസ്റ്റർ ചെയ്ത് പങ്കെടുക്കാവുന്നതാണ്. www.cift.res.in, zt-mcfisheries@gmail.com.

# ട്രാൻസ്റെയിൽ ലൈറ്റിങ്ങ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര എൻജിനീയറിങ്ങ് കമ്പനിയായ ട്രാൻസ് റെയിൽ ലൈറ്റിങ്ങ് ലിമിറ്റഡ് ഐപിഒയ്ക്ക് അനുമതി തേടി സെബിയ്ക്ക് ഡിആർഎച്ച്പി സമർപ്പിച്ചു. ഓഹരി ഒന്നിന് രണ്ട് രൂപ മുഖവിലയുള്ള 450 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 10,160,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇൻഗ വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ്, ഐഡിബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് & സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# സംസ്കൃത സർവ്വകലാശാല:ഗവേഷക അദാലത്ത് ഇന്ന്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ഹിന്ദി, ഇംഗ്ലീഷ്, സംസ്കൃതം വ്യാകരണം, സംസ്കൃതം ജനറൽ, സംസ്കൃതം ന്യായം, കംപാരറ്റീവ് ലിറ്ററേച്ചർ ആൻഡ് ലിംഗ്വിസ്റ്റിക്സ്, ഫിലോസഫി എന്നീ ഗവേഷണ പഠന വകുപ്പുകളിലെ 2015 ന് മുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള ഗവേഷകർക്ക് മാർച്ച് 16ന് രാവിലെ 10ന് സർവ്വകലാശാലയുടെ കാലടി മുഖ്യക്യാമ്പസിൽ ഗവേഷക അദാലത്ത് നടത്തുന്നു. നേരത്തേ അപേക്ഷ സമർപ്പിച്ചവർക്ക് നാളിതുവരെയുള്ള ഗവേഷണ രേഖകൾ സഹിതം അദാലത്തിൽ പങ്കെടുക്കാമെന്ന് സർവ്വകലാശാല അറിയിച്ചു.

# കൊച്ചിൻ ഡ്യൂട്ടി ഫ്രീ 'ഗ്രേറ്റ് വിന്റർ ഷോപ്പിംഗ് ഫെസ്റ്റിവൽ' മെഗാ സമ്മാനം നൽകി

**കൊച്ചി:** സിയാൽ ഡ്യൂട്ടിഫ്രീ ഉപഭോക്താക്കൾക്കായി, 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെ സംഘടിപ്പിച്ച 'ഗ്രേറ്റ് വിന്റർ ഷോപ്പിംഗ് ഫെസ്റ്റിവൽ' ന്റെ സമ്മാനദാനം നടത്തി. മെഗാ സമ്മാനമായ 25 പവൻ സ്വർണം, വിജയിയായ രാമചന്ദ്രൻ എം.കെ കൊച്ചിൻ ഡ്യൂട്ടിഫ്രീ മാനേജിങ് ഡയറക്ടർ സജി കെ. ജോർജിൽ നിന്നും സ്വീകരിച്ചു. ഇതിനു പുറമെ, ഫെസ്റ്റിവലിന്റെ ഭാഗമായി ആഴ്ചയിൽ 2 ഭാഗ്യശാലികൾക്ക് ഒരു പവൻ വീതം സമ്മാനം നൽകി വന്നിരുന്നു. മൊത്തം 51 പവൻ സ്വർണമാണ് ഗ്രേറ്റ് വിന്റർ ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ കൊച്ചിൻ ഡ്യൂട്ടിഫ്രീ ഉപഭോക്താക്കൾക്ക് നൽകിയത്. മത്സര കാലയളവിൽ, 6500 രൂപയ്ക്കോ അതിലധികമോ ഷോപ്പിംഗ് ചെയ്തവർക്കായിരുന്നു മെഗാ സമ്മാനത്തിന് അർഹത നേടാൻ കഴിഞ്ഞത്.

കസ്റ്റംസ് അസിസ്റ്റന്റ് കമ്മീഷണർ ഇ. ശ്രീധർ, ലെന്നി സെബാസ്റ്റ്യൻ സി.എഫ്.ഒ, സി.ഡി.ആർ.എസ്.എൽ ലെനി സെബാസ്റ്റ്യൻ,സിയാൽ ഉദ്യോഗസ്ഥർ, കസ്റ്റംസ് ഉദ്യോഗസ്ഥർ, വിജയിയുടെ കുടുംബാംഗങ്ങൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് എസ്എസ്ഇയിലെ ആദ്യ അഞ്ചു ലിസ്റ്റിങ്ങുകൾക്കു തുടക്കം

**കൊച്ചി:** നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിലെ (എൻഎസ്ഇ) സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ (എസ്എസ്ഇ) ആദ്യ അഞ്ച് ലിസ്റ്റിങ്ങുകൾ നടത്തി. സ്വാമി വിവേകാനന്ദ യൂത്ത് മൂവ്മെന്റ്, ട്രാൻസ്ഫോം റൂറൽ ഇന്ത്യ, മുക്തി, ഏകലവ്യ ഫൗണ്ടേഷൻ, എസ്ജിബിഎസ് ഉന്നതി ഫൗണ്ടേഷൻ എന്നിവയുടെ ലിസ്റ്റിങ്ങാണ് നടന്നത്. വിവിധ വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്താനായി ഏകദേശം 8 കോടി രൂപയോളമാണ് ഈ ലിസ്റ്റിങ്ങുകളുടെ ഫലമായി ലഭ്യമായത്.

സെബി ചെയർപേഴ്സൺ മാധബി പുരി ബുച്ച്, സെബിയുടെ സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് അഡ്വൈസറി കമ്മിറ്റി ചെയർമാൻ ഡോ. ആർ ബാലസുബ്രഹ്മണ്യം തുടങ്ങിയവരുടെ സാന്നിധ്യത്തിലായിരുന്നു ലിസ്റ്റിങ് ചടങ്ങ്. രാജ്യത്തെ എല്ലാ ജനങ്ങളേയും മുഖ്യധാരയിൽ ഉൾപ്പെടുത്താനുള്ള യാത്രയിൽ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വലിയ പങ്കാണു വഹിക്കാനുള്ളതന്ന് സെബി ചെയർപേഴ്സൺ മാധബി പുരി ബുച്ച് പറഞ്ഞു.ഇന്ത്യയിലെ സാമൂഹിക മേഖലയുടെ വികസനത്തിനായി ഒരു പുതിയ സാമ്പത്തിക മാർഗ്ഗം തുറക്കുന്നതിനു പുറമേ ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കുന്നതിൽ സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് ധാരാളം ആളുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുമെന്ന് സെബിയുടെ സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് അഡ്വൈസറി കമ്മിറ്റി ചെയർമാൻ ഡോ. ആർ ബാലസുബ്രഹ്മണ്യം പറഞ്ഞു.

# കർഷകർക്ക് ആദരമൊരുക്കി സ്വരാജ് ട്രാക്ടേഴ്സിൻെറ ജോഷ് കാ സ്വരൺ ഉത്സവ് ക്യാമ്പയിൻ

**കൊച്ചി:** മഹീന്ദ്ര ഗ്രൂപ്പിൻെറ ഭാഗമായ സ്വരാജ് ട്രാക്ടേഴ്സ്, ബ്രാൻഡിൻെറ സുവർണ ജൂബിലിയോട് അനുബന്ധിച്ച് രാജ്യവ്യാപകമായി ജോഷ് കാ സ്വരൺ ഉത്സവ് എന്ന പേരിൽ വാൻ ക്യാമ്പയിൻ ആരംഭിച്ചു. രാജ്യത്തുടനീളമുള്ള കർഷകരുമായി ശക്തമായ ബന്ധം സ്ഥാപിക്കുന്നതിന് സ്വരാജിൻെറ പുതിയ ശ്രേണിയിലുള്ള ട്രാക്ടറുകൾ നയാ സ്വരാജ് എന്ന പേരിൽ അവതരിപ്പിക്കുന്നതിനോടൊപ്പം, ബ്രാൻഡിൻെറ വിജയത്തിൽ നിർണായകമായ പങ്കുവഹിച്ച ഇന്ത്യൻ കർഷകർക്ക് ആദരമർപ്പിക്കാനും സ്വരാജ് ട്രാക്ടേഴ്സ് ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നു.കർഷകരുമായി നേരിട്ട് ഇടപഴകുന്നതിനും നയാ സ്വരാജിനെക്കുറിച്ച് അവബോധം പ്രചരിപ്പിക്കുന്നതിനുമുള്ള പ്ലാറ്റ്ഫോമായും സ്വരാജ് ജോഷ് കാ സ്വരൺ ഉത്സവ് കാമ്പയിൻ വർത്തിക്കും.

ക്യാമ്പയിൻെറ ഭാഗമായി കർഷകരും ഇൻഫ്ളുവൻസർമാരും സ്വരാജ് സെയിൽസ് ടീമും ഉൾപ്പെടുന്ന ട്രാക്ടർ റാലികളും, ഉപഭോക്തൃ സംഗമങ്ങളും ഉൾപ്പെടെയുള്ള പരിപാടികളും സംഘടിപ്പിക്കും. 50,000ത്തിലധികം ഉപഭോക്താക്കളുമായി നേരിട്ട് ബന്ധപ്പെടാൻ ഈ ക്യാമ്പയിൻ സ്വരാജിനെ പ്രാപ്തമാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്വരാജിൻെറ ഏറ്റവും പഴക്കമുള്ള ട്രാക്ടറുകളുടെ നിർമാണ പ്ലാൻറുകളിൽ ഒന്നായ മൊഹാലിയിൽ വച്ച് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ്, ഫാം എക്യുപ്മെൻറ് സെക്ടർ പ്രസിഡൻറ് ഹേമന്ത് സിക്ക ജോഷ് കാ സ്വരൺ ഉത്സവ് ക്യാമ്പയിൻ ഫ്ളാഗ് ഓഫ് ചെയ്തു. ഇന്ത്യയിലുടനീളമുള്ള കർഷകരെ സേവിക്കാനും ശാക്തീകരിക്കാനുമുള്ള ഞങ്ങളുടെ പ്രതിബദ്ധതയുടെ തെളിവാണ് ഈ സുവർണ ജൂബിലി ആഘോഷമെന്ന് അദ്ദേഹം പറഞ്ഞു.നയാ സ്വരാജിനെ പരിചയപ്പെടുത്തുന്നതിലൂടെ, കർഷകരെ ശാക്തീകരിക്കുന്നതിനുള്ള ഞങ്ങളുടെ ശ്രമം തുടരാനും അവരുമായുള്ള ഞങ്ങളുടെ ബന്ധം കൂടുതൽ ആഴത്തിലാക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നുവെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡിൻെറ സ്വരാജ് ഡിവിഷൻ സിഇഒ ഹരീഷ് ചവാൻ പറഞ്ഞു.

# ചൂണ്ടി രാമമംഗലം റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം

**കൊച്ചി:** കേരളത്തിന്റെ പശ്ചാത്തല സൗകര്യ വികസനം ലക്ഷ്യമിട്ടാണ് സംസ്ഥാന സർക്കർ പ്രവർത്തിക്കുന്നതെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. ചൂണ്ടി രാമമംഗലം റോഡിന്റെ നിർമ്മാണോദ്ഘാടനം ഓൺലൈനായി നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.




സംസ്ഥാനത്തെ പശ്ചാത്തല വികസനത്തെിന്റെ ഹബ്ബാക്കി മാറ്റുകയാണ് സർക്കാർ നയം. പശ്ചാത്തല മേഖലയുടെ വികസനം കേരളത്തിന്റെ കാർഷികടൂറിസം മേഖലയുടെ കുതിപ്പിന് കാരണമായി മാറും. ദേശീയ സംസ്ഥാന പാതകൾക്കൊപ്പം ഗ്രാമീണ മേഖലയിലെ പൊതുമരാമത്ത് റോഡുകളും വികസന പാതയിലാണെന്ന് മന്ത്രി പറഞ്ഞു.

ചടങ്ങിൽ പി.വി.ശ്രീനിജിൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. പോഞ്ഞാശ്ശേരി ചിത്രപ്പുഴ റോഡിന് 12 കോടി രൂപയും പള്ളിക്കര പഴന്തോട്ടം റോഡിന് 4.5 കോടിയും ഉൾപ്പെടെ 16.5 കോടി രൂപ കുന്നത്തുനാട് മണ്ഡലത്തിലെ റോഡ് നവീകരണത്തിനായി പി ഡബ്ല്യൂ ഡി അനുവദിച്ചിട്ടുണ്ടെന്ന് എംഎൽ എ പറഞ്ഞു

7.27 കോടി രൂപ ചെലവിൽ ബി.എം.& ബി.സി.നിലവാരത്തിലാണ് ചൂണ്ടി രാമമംഗലം റോഡ് നവീകരിക്കുന്നത്. നവീകരണം പൂർത്തിയാകുന്നതോടെ കൂത്താട്ടുകുളം, പിറവം ഭാഗങ്ങളിൽ നിന്നുള്ള വർക്ക് കാക്കനാട് ഭാഗത്തേക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കും.

യോഗത്തിൽ പഞ്ചായത്തംഗങ്ങളായ ശോഭന സലീബൻ, സംഗീത ഷൈൻ, ടി.വി. രാജൻ, ജിംസി മേരി വർഗീസ്, എൻ. വി. കൃഷ്ണൻകുട്ടി, പി. ഡബ്ല്യൂ . ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ സിന്ധു പോൾ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എം.യു.ഉഷസ് അസിസ്റ്റന്റ് എഞ്ചിനീയർ അനില തോമസ്, വിവിധ രാഷ്ട്രീയ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



## ഡൽഹി തൂഫാൻസിനെ കീഴടക്കി അഹമ്മദാബാദ് ഡിഫൻഡേഴ്സ്

**ചെന്നൈ:** റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23 സൂപ്പർ 5ൽ അഹമ്മദാബാദ് പ്ലേ ഓഫ് സാധ്യത നിലർത്തി. സൂപ്പർ 5ലെ മൂന്നാം മത്സരത്തിൽ ഡൽഹി തൂഫാൻസിനെ കടുത്ത പോരാട്ടത്തിൽ മറികടന്നാണ് പ്രതീക്ഷ നിലനിർത്തിയത്. ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന കളിയിൽ അഞ്ച് സെറ്റ് പോരിലായിരുന്നു നിലവിലെ ചാമ്പ്യൻമാരുടെ ജയം. സ്കോർ: 15 10, 11 15, 10 15, 15 12, 18 16. അംഗമുത്തുവാണ് കളിയിലെ താരം.

അവസാന കളിയിൽ ഞായറാഴ്ച കാലിക്കറ്റ് ഹീറോസാണ് അഹമ്മദാബാദിന്റെ എതിരാളി. ആദ്യ രണ്ട് കളിയും അഹമ്മദാബാദ് തോറ്റിരുന്നു. മൂന്നാം മത്സരം കളിച്ച ഡൽഹിയുടെ ആദ്യ തോൽവിയാണ്.

ഇന്ന് (ശനി) വൈകിട്ട് 6.30ന് മുംബൈ മിറ്റിയോഴ്സ് ബംഗളൂരു ടോർപ്പിഡോസിനെ നേരിടും.



## നാറ്റ്പാക്കും കുസാറ്റും ധാരണാപത്രം ഒപ്പുവച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല സിവിൽ എൻജിനീയറിങ്ങ് ഡിവിഷൻ, നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിങ്ങ് ആൻഡ് റിസർച്ച് സെന്ററും (എൻ.എ.ടി.പി.എ.സി) ഗവേഷണത്തിൽ പരസ്പരം സഹരിക്കുന്നതിനായി ധാരണാപത്രത്തിൽ ഒപ്പുവച്ചു.വെള്ളം, വായു, ഹൈവേ, എൻജിനീയറിങ്ങ്, ട്രാഫിക്ക് & ട്രാൻസ്പ്പോർട്ടേഷൻ പ്ലാനിങ്ങ്, റോഡ് സുരക്ഷ, ഗതാഗത സാമ്പത്തിക ശാസ്ത്രം, മാനേജ്മെന്റ് എന്നീ മേഖലകളിൽ രാജ്യത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഗവേഷണവും കൺസൾട്ടൻസി പദ്ധതികളും നടപ്പാക്കുന്നതിനായി ഇനി മുതൽ അക്കാദമിക തലത്തിൽ കുസാറ്റുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനാണ് ധാരണ പത്രം ഒപ്പുവെച്ചത്.ഇത് രാജ്യത്തിന്റെ പുരോഗതിക്ക് വഴി വെക്കും.സാമ്പത്തിക സാധ്യത, പൊതുഗതാഗത പഠനം, സാമൂഹികവും സാമ്പത്തികവുമായ ആഘാത വിശകലനം, ഗതാഗത ഊർജവും മലിനീകരണവും, ജലഗതാഗതം, നൂതന ഗതാഗത സംവിധാന ആപ്ലിക്കേഷനുകൾ തുടങ്ങിയവയാകും ഗവേഷണ വിഷയങ്ങൾ.

കുസാറ്റിനെ പ്രതിനിധീകരിച്ച് വൈസ് ചാൻസലർ ഡോ.പി.ജി.ശങ്കരൻ, രജിസ്ട്രാർ ഡോ.വി.മീര, സ്കൂൾ ഓഫ് എൻജിനീയറിങ്ങ് പ്രിൻസിപ്പാൾ ഡോ.ശോഭ സൈറസ്, സിവിൽ വിഭാഗം മേധാവി ഡോ. ദീപ ബാലകൃഷ്ണൻ, ഡോ.ഗ്ലോറി ജോസഫ്, ഡോ.ബിന്ദു സി.എസ് എന്നിവരും നാറ്റ്പാക്കിനെ പ്രതിനിധീകരിച്ച് ഡയറക്ടർ ഡോ. സാംസൺ മാത്യു, അനീഷ് കിനി, ഡോ.വാസുദേവൻ, ഡോ.അനില സിറിൾ, ഡോ.രമീഷ, ആദ്ര കൃഷ്ണ, രശ്മി എം.എസ് എന്നിവരും പങ്കെടുത്തു.

## ഇന്ത്യൻ ഓയിൽ എച്ച്ആർ ഡയറക്ടറായി രശ്മി ഗോവിൽ ചുമതലയേറ്റു



**മുംബൈ:** ഇന്ത്യയിലെ ഏറ്റവും വലിയ ഫോർച്യൂൺ500 ഊർജ്ജ കമ്പനിയായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഹ്യൂമൻ റിസോഴ്സ് ഡയറക്ടറായി ശ്രീമതി രശ്മി ഗോവിൽ ചുമതലയേറ്റു. 1994 ൽ ഇന്ത്യൻ ഓയിലിൽ ചേർന്ന മിസ്. ഗോവിൽ, മാനവ വിഭവശേഷി പ്രവർത്തനത്തിന്റെ വിവിധ വശങ്ങളിൽ മൂന്ന് പതിറ്റാണ്ടോളം സമ്പന്നമായ അനുഭവം ഉള്ള എച്ച്ആറിൽ എംബിഎയും ധനകാര്യത്തിൽ ബിരുദാനന്തര ഡിപ്ലോമയും ഉള്ള പരിചയസമ്പന്നയായ പ്രൊഫഷണലാണ്.

എച്ച്ആർ ഡയറക്ടറായി നിയമിതയാകുന്നതിന് മുമ്പ്, കമ്പനിയുടെ കോർപ്പറേറ്റ് ഓഫീസിൽ എച്ച്ആർഡി & എംപ്ലോയി റിലേഷൻസ് എക്സിക്യൂട്ടീവ് ഡയറക്ടറായി സേവനമനുഷ്ഠിച്ചു. ഇന്ത്യൻ ഓയിലിന്റെ റിഫൈനറീസ് ആസ്ഥാനത്തു ജോലി ചെയ്തിട്ടുള്ള മിസ് ഗോവിൽ, മഥുര റിഫൈനറിയിലെ യൂണിറ്റിലെ വെല്ലുവിളി നിറഞ്ഞ അന്തരീക്ഷവും കൈകാര്യം ചെയ്തിട്ടുണ്ട്.

എച്ച്ആർ ഡയറക്ടറായി അവരുടെ നിയമനം ഇന്ത്യൻ ഓയിലിനുള്ള അവരുടെ മാതൃകാപരമായ സംഭാവനകളുടെയും ഊർജ്ജ മേഖലയിലെ മാനവ വിഭവശേഷിയുടെ ഭാവിയെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടിന്റെയും തെളിവാണ്. ഈ നിയമനത്തോടെ ഇന്ത്യൻ ഓയിലിന്റെ ബോർഡിലുള്ള വനിതാ ഡയറക്ടർമാരുടെ എണ്ണം രണ്ടായി.



[illegible]

## യുടിഐ ലാർജ് ആൻഡ് മിഡ് ക്യാപ് ഫണ്ട്

**കൊച്ചി:** താരതമ്യേന താഴ്ന്ന നിലയിൽ ട്രേഡു ചെയ്യുന്നതു വഴി സുരക്ഷാ മാർജിൻ പ്രദാനം ചെയ്യുന്നതും ശക്തവുമായ കമ്പനികളിൽ നിക്ഷേപിച്ച് വൈവിധ്യപൂർണമായ പോർട്ട്ഫോളിയോ ലഭ്യമാക്കുന്ന പദ്ധതിയാണ് യുടിഐ ലാർജ് ആൻഡ് മിഡ് ക്യാപ് ഫണ്ട്. 2009ൽ ആരംഭിച്ച ഈ പദ്ധതിയിൽ 2024 ഫെബ്രുവരിയിലെ കണക്കു പ്രകാരം ആകെ 2600 കോടി രൂപയുടെ ആസ്തിയാണുള്ളത്.



**എസ്.എൻ.ഡി.പി യോഗം 2407 നമ്പർ വടുതല ശ്രീസുബ്രമഹ്ണ്യ സ്വാമി ക്ഷേത്രത്തിലെ ഉൽസവത്തോടനുബന്ധിച്ചു നടന്ന പകൽപ്പൂരം.**




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com